13440
19/6/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- എച്ച്.ഐ.വി. അണുബാധിതർക്കും അണുബാധയുള്ള കുടുംബത്തിലെ അണുബാധയില്ലാത്ത കുട്ടികൾക്കും ജീവിത നൈപുണ്യ പരിശീലന പരിപാടി നടത്തുന്നതിലേയ്ക്കായി ഭരണാനുമതിയും തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ(സാധാ)നം.349/2017/സാനീവ തീയതി, തിരുവനന്തപുരം, 02/06/2017.

പരാമർശം : (1) സാമൂഹ്യനീതി ഡയറക്ടറുടെ 19.4.2017 ലെ എഫ്3-16019/17 നമ്പർ കത്ത്
(2) 26.4.2017 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം.

**ഉത്തരവ്**

എച്ച്.ഐ.വി. അണുബാധിതർക്കും അണുബാധയുള്ള കുടുംബത്തിലെ അണുബാധയില്ലാത്ത 13 നും 18 നും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്കും ജീവിത നൈപുണ്യ പരിശീലനത്തിനായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി ചേർന്ന് ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതിയും ഈ പദ്ധതിപ്രകാരം 14 ജില്ലകളിലും പരിശീലന പരിപാടി നടത്തുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12 കോടി രൂപയിൽ നിന്നും 14,80,500 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയും നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശ 26/04/2017-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

(2) ഈ സാഹചര്യത്തിൽ, എച്ച്.ഐ.വി. അണുബാധിതർക്കും അണുബാധയുള്ള കുടുംബത്തിലെ അണുബാധയില്ലാത്ത 13 നും 18 നും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്കും ജീവിത നൈപുണ്യ പരിശീലനത്തിനായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും ഈ പദ്ധതിപ്രകാരം 14 ജില്ലകളിലും പരിശീലന പരിപാടി നടത്തുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12 കോടി രൂപയിൽ നിന്നും 14,80,500 രൂപ (പതിനാല് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി ആന്റണി ഐ.എ.എസ്**
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ))കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
ആരോഗ്യ വകുപ്പ്
സാമൂഹ്യനീതി (എ/ഒ.എസ്.) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ